## VI നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

'ആരോഗ്യപരമായ കാരണങ്ങളാൽ ഡോക്ടർമാർ എനിക്ക് വിശ്രമം നിർദേശിച്ചിരിക്കുയാണ്. 15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിലെ മാർച്ച് മൂന്ന് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള യോഗങ്ങളിൽ എനിക്ക് പങ്കെടുക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ പ്രസ്തുത ദിവസങ്ങളിൽ എനിക്ക് അവധി അനുവദിച്ചുനൽകണമെന്ന് അഭ്യർഥിക്കുന്നു.'

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളന കാലയളവിൽ പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിക്ക് മാർച്ച് മൂന്ന്

മുതൽ ഇരുപത്തിയഞ്ച് വരെ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാൻ അംഗത്തിന് അനുവാദം നൽകിയിരിക്കുന്നു.